KERALA VETERINARY & ANIMAL SCIENCES UNIVERSITY
THIRUVAZHZMKUNNU
DATE.....................
LIVESTOCK RESEARCH STATION

**കേരള വെറ്ററിനറി & അനിമൽ സയൻസസ് യൂണിവേഴ്സിറ്റി**
**കന്നുകാലി ഗവേഷണകേന്ദ്രം**
**തിരുവാഴാംകുന്ന്(പി .ഒ ), പാലക്കാട് – 678 601, കേരള**
**ഇ .മെയിൽ :lrst@kvasu.ac.in ഫോൺ നം. 04924 296 562**

**നമ്പർ: എൽ.5 – 271/2025** **തീയതി: 11/02/2025**

# പൊതുലേലം നോട്ടീസ്

ഈ കേന്ദ്രത്തിലെ വിവിധ ഭാഗങ്ങളിലുള്ള ഉദ്ദേശം 50 പ്ലാവുകളിൽ നിന്നുള്ള ചക്ക **20/02/2025** തീയതി **11.45 –ന്** പൊതുലേലം ചെയ്ത് വിൽപന നടത്തുവാൻ താഴെ പറയുന്ന നിബന്ധനകൾക്കു വിധേയമായി തീരുമാനിച്ചിരിക്കുന്നു. പരസ്യ ലേലത്തിന് പുറമേ മുദ്രണം ചെയ്ത ക്വട്ടേഷനുകളും സ്വീകരിക്കുന്നതാണ്.

| പ്ലോട്ടുകൾ | നിരതദ്രവ്യം |
|---|---|
| ഈ കേന്ദ്രത്തിലെ വിവിധ ഭാഗങ്ങളിലുള്ള ഏകദേശം 50 പ്ലാവുകളിൽ ഉണ്ടാവുന്ന ചക്ക വിളവെടുപ്പ്. | 2,500/– രൂപ |

| | |
|---|---|
| വിളവെടുപ്പ് കാലാവധി | : ലേലം ഉറപ്പിച്ച തീയതി മുതൽ 2025 ജൂലൈ 31 വരെ |
| നിരതദ്രവ്യം | : 2,500/– |
| ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി / സമയം | : 20/02/2025, 11.30 am |
| പരസ്യ ലേലം നടത്തുന്ന തിയ്യതി/ സമയം | : 20/02/2025, 11.45 am |
| ക്വട്ടേഷൻ തുറക്കുന്ന തീയ്യതി/സമയം | : പരസ്യലേലത്തിനു ശേഷം |

## നിബന്ധനകൾ

1. വെള്ളക്കടലാസിൽ അക്കത്തിലും അക്ഷരത്തിലും എഴുതിയ ക്വട്ടേഷൻ സ്റ്റേഷൻ മേധാവിയുടെ മേൽവിലാസം മുദ്രണം ചെയ്ത കവറിലാക്കി കവറിനു പുറത്ത് **"ചക്കയ്ക്കുള്ള ക്വട്ടേഷൻ"** എന്ന് രേഖപ്പെടുത്തി സമർപ്പിക്കേണ്ടതാണ്.
2. ക്വട്ടേഷനോടൊപ്പം നിശ്ചയിച്ചിരിക്കുന്ന നിരതദ്രവ്യം 2500/– രൂപ പണമായി ഓഫീസിൽ നേരിട്ട് കെട്ടിവെക്കേണ്ടതാണ്
3. പരസ്യലേലം ഉണ്ടായിരിക്കുന്നതാണ്. പരസ്യലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ **20/02/2025 ന് രാവിലെ 11.30 മണിക്ക്** മുമ്പായി നിരതദ്രവ്യം അടച്ച് പേര് രജിസ്റ്റർ ചെയ്ത് ടോക്കൺ കൈപ്പറ്റേണ്ടതാണ്
4. നിരതദ്രവ്യം കെട്ടിവച്ചവരെ മാത്രമെ പരസ്യലേലത്തിൽ പങ്കെടുക്കുവാൻ അനുവദിക്കുകയുള്ളൂ.
5. ക്വട്ടേഷൻ/ലേലത്തിൽ പങ്കെടുക്കുന്നവർ ഫോട്ടോ പതിപ്പിച്ച തിരിച്ചറിയൽ കാർഡ് ഹാജരാക്കേണ്ടതാണ്. ലേലം ഉറപ്പിക്കുന്നവർ ആയതിന്റെ പകർപ്പും ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.
6. വില്പനക്കുള്ള പ്ലാവ് ഓഫീസ് സമയങ്ങളിൽ വന്നു സീനിയർ ഫാം സൂപ്പർവൈസറുടെ സാന്നിദ്ധ്യത്തിൽ പരിശോധിക്കാവുന്നതാണ്.
7. നിശ്ചിത സമയത്തിനു ശേഷം ക്യാമ്പസിൽ അനാവശ്യമായി നില്ക്കാൻ പാടുള്ളതല്ല.
8. ലേലം/ക്വട്ടേഷൻ സ്ഥിരീകരിക്കാത്തവരുടെ നിരതദ്രവ്യം അപ്പോൾത്തന്നെ തിരിച്ചു നൽകുന്നതാണ്..
9. ലേലം/ക്വട്ടേഷൻ സ്ഥിരീകരിച്ചു കഴിഞ്ഞാൽ പ്രസ്തുത വ്യക്തി മൊത്തം തുകയുടെ 1/3 ഭാഗം അന്നേദിവസവും (നിരതദ്രവ്യം ഉൾപ്പെടെ) ബാക്കി തുക ബാധകമായ നികുതികൾ സഹിതം ഏഴ് ദിവസത്തിനകം അടച്ച് രശീത് വാങ്ങേണ്ടതാണ്.

10. ക്വട്ടേഷൻ/ ലേലം ഉറപ്പിച്ച കിട്ടിയ വ്യക്തി അറിയിപ്പ് കിട്ടി 5 പ്രവർത്തി ദിവസങ്ങൾക്കുള്ളിൽ 200 രൂപയുടെ സ്വന്തം പേരിൽ വാങ്ങിയ മുദ്രപത്രത്തിൽ കന്നുകാലി ഗവേഷണ കേന്ദ്രം മേധാവിയുമായി ഒരു നഷ്ടോത്തരവാദിത്ത കരാറിൽ ഏർപ്പടേണ്ടതാണ്.

11. മുഴുവൻ ലേലത്തുക അടക്കുകയും നഷ്ടോത്തരവാദിത്ത കരാർ സമർപ്പിക്കുകയും ചെയ്താൽ മാത്രമേ വിളവെടുക്കൽ ആരംഭിക്കാൻ അനുവദിക്കുകയുള്ളു.

12. പ്രസ്തുത ദിവസത്തിനകം തുക പൂർണ്ണമായും അടയ്ക്കാതിരുന്നാൽ പുനർലേലം നടത്തുന്നതും കരാറുകാരൻ ആദ്യം അടച്ച തുക സർവ്വകലാശാലയ്ക്ക് മുതൽക്കൂട്ടുന്നതുമാണ്.

13. ലേലം/ക്വട്ടേഷൻ സ്ഥിരീകരിച്ച വ്യക്തി ഓഫീസ് സമയങ്ങളിൽ ഓഫീസ് മേധാവിയുടെ/ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ അറിവോടും സമ്മതത്തോടും കൂടിയേ ചക്ക വിളവെടുക്കാനും പുറത്തുകൊണ്ടുപോകാനും പാടുള്ളൂ. ചക്ക പുറത്ത്കൊണ്ടുപോകേണ്ടത് അംഗീകൃത വഴികളിലൂടെ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ നൽകുന്ന ഗേറ്റ് പാസ് ഹാജരാക്കി ആയിരിക്കണം.

14. ലേലം ഉറപ്പിച്ച വ്യക്തിയും വിളവെടുപ്പിന് നിയോഗിക്കുന്ന തൊഴിലാളികളും ഫാമിൽ നിന്നും നൽകുന്ന പാസുകൾ കൈവശം വച്ചിരിക്കേണ്ടതും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പരിശോധനയ്ക്ക് ആവശ്യപ്പെടുമ്പോൾ കാണിക്കേണ്ടതുമാണ്.

15. ലേലം/ക്വട്ടേഷൻ വ്യവസ്ഥകൾ ലംഘിക്കുന്നവരുടെ നിരതദ്രവ്യം സർവ്വകലാശാലയ്ക്ക് മുതൽക്കൂട്ടുന്നതായിരിക്കും.

16. ചക്ക വിളവെടുക്കുന്ന സമയത്തോ തുടർന്നോ ലേലക്കാരൻ സർവ്വകലാശാലയ്ക്ക് എന്തെങ്കിലും നാശനഷ്ടങ്ങൾ വരുത്തിവച്ചാൽ ആയതു ലേലക്കാരനിൽ നിന്നും ഈടാക്കുന്നതാണ്.

17. നിശ്ചിത തീയതിക്കും സമയത്തിനും ശേഷം ലഭിക്കുന്നതും വ്യക്തമല്ലാത്തതുമായ ക്വട്ടേഷനുകൾ നിരസിക്കുന്നതാണ്.

18. ഏതെങ്കിലും കാരണവശാൽ ലേലം നിശ്ചയിച്ച ദിവസം അവധി ദിനമായി വന്നാൽ തൊട്ടടുത്ത പ്രവൃത്തിദിവസം ലേലം/ ക്വട്ടേഷൻ നടത്തുന്നതാണ്.

19. യാതൊരു കാരണവും കാണിക്കാതെ തന്നെ ലേലം/ക്വട്ടേഷൻ മാറ്റി വയ്ക്കുന്നതിനോ അസ്ഥിരപ്പെടുത്തുന്നതിനോ ഉള്ള അധികാരം സ്ഥാപന മേധാവിയിൽ നിക്ഷിപ്തമാണ്. ക്വട്ടേഷൻ സംബന്ധിച്ച് എന്ത് തീരുമാനം എടുക്കുന്നതിനും സ്റ്റേഷൻ മേധാവിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

20. സർക്കാർ ക്വട്ടേഷന്റെ എല്ലാ വ്യവസ്ഥകളും നിബന്ധനകളും ഈ ക്വട്ടേഷനും ബാധകമാണ്.

21. ലേല സമയത്ത് ക്യാംപസിൽ തികഞ്ഞ അച്ചടക്കം പാലിക്കണം. അനാവശ്യ പ്രശ്നങ്ങൾ ഉണ്ടാക്കുന്നവരുടെ പേരിൽ നിയമ നടപടികൾ കൈക്കൊള്ളുന്നതും അവരെ കരിമ്പട്ടികയിൽ പെടുത്തുന്നതുമായിരിക്കും.

ഒപ്പ്/-

**സ്റ്റേഷൻ മേധാവി**

**സ്വീകർത്താവ്:-** വെബ് സൈറ്റ്/നോട്ടീസ് ബോർഡ് - ഗേറ്റ്/ഡയറി/ഓഫീസ്/

ലോക്കൽ സർക്കുലേഷൻ ഗ്രാമപഞ്ചായത്ത് ഓഫീസ് - മണ്ണാർക്കാട്/ കോട്ടോപ്പാടം/ അലനല്ലൂർ,

മൃഗാശുപത്രി- മണ്ണാർക്കാട്/അലനല്ലൂർ, കൃഷിഭവൻ - കോട്ടോപ്പാടം/മണ്ണാർക്കാട്,

വില്ലേജ് ഓഫീസ് - കോട്ടോപ്പാടം/കച്ചേരിപറമ്പ്/അലനല്ലൂർ

**പകർപ്പ്:-**അസി.പ്രൊഫസർ /സീനിയർ ഫാം സൂപ്പർവൈസർ/ ഫാം സൂപ്പർവൈസർ ഗ്രേഡ് I

**//ഉത്തരവിൻ പ്രകാരം//**

**സെക്ഷൻ ഓഫീസർ**